പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5688 — 18.11.2019 ൽ മറുപടിയ്ക്ക്

## പരിരക്ഷ പദ്ധതി

ചോദ്യം — മറുപടി

ശ്രീമതി.ഷാനിമോൾ ഉസ്മാൻ — കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അംഗപരിമിതർക്കായി പരിരക്ഷ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ)ഭിന്നശേഷിക്കാർക്കായി സാമൂഹ്യനീതി വകുപ്പ് പരിരക്ഷ പദ്ധതി 2018-19 മുതൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിക്കായി 70 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതിയാണ് പരിരക്ഷ. വകുപ്പിന്റെ വിവിധ പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തതും വളരെ പരിതാപകരമായ അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്കും ഒന്നിൽ കൂടുതൽ ഭിന്നശേഷിക്കാരുള്ളതും ബുദ്ധിമുട്ട് അനുഭവിക്കുന്നതുമായ കുടുംബങ്ങൾക്കും സഹായം നൽകുന്നു. സ്ത്രീ/പുരുഷ/ ട്രാൻസ്ജെൻഡർ ഭേദമന്യേ എല്ലാ അംഗപരിമിതർക്കും പ്രസ്തുത സേവനം നൽകുന്നു. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; | (ബി) എല്ലാ ജില്ലകളിലും ചുവടെ ചേർത്തിട്ടുള്ള പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>1. ജില്ലാ കളക്ടർ/ പ്രതിനിധി<br>2. ജില്ലാ സാമൂഹ്യനീതി ഓഫീസർ<br>3. ജില്ലാ മെഡിക്കൽ ഓഫീസർ/ പ്രതിനിധി<br>4. ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ പ്രതിനിധി<br>5. ഡെൽസാ പ്രതിനിധി<br>6. അംഗപരിമിതരുടെ സംഘടനയിലെ 2 പ്രതിനിധികൾ |
| (സി) പ്രകൃതി ദുരന്തത്തിന് ഇരയാകുന്ന അംഗപരിമിതർക്ക് അടിയന്തര വൈദ്യസഹായം നൽകുന്നതിന് ഈ പദ്ധതി പ്രകാരം തുക അനുവദിക്കുന്നുണ്ടോ; എങ്കിൽ 2018 ലും 2019 ലുമുണ്ടായ പ്രളയത്തിൽ ദുരിതം നേരിട്ട അംഗപരിമിതരിൽ എത്ര പേർക്ക് ഈ പദ്ധതി | (സി) പ്രകൃതി ദുരന്തത്തിന് ഇരയാകുന്ന അംഗപരിമിതർക്ക് അടിയന്തര വൈദ്യസഹായം, ഭക്ഷണം എന്നിവ നൽകുന്നതിന് പരിരക്ഷ പദ്ധതിയിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണ്. 2018 ലെ |

| | |
|---|---|
| പ്രകാരം സഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ? | ഭിന്നശേഷിക്കാർക്ക് ആയത് പുനഃസ്ഥാപിക്കുന്നതിനായി പരിരക്ഷയിൽ നിന്നും ഒരു ഗുണഭോക്താവിന് പരമാവധി 1 ലക്ഷം രൂപ വരെ അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. അപ്രകാരം പ്രളയബാധിതരായ 10 ജില്ലകളിലെ 40 ഭിന്നശേഷിക്കാർ 17,54,460/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

Tamin Thomas

സെക്ഷൻ ഓഫീസർ